പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ബിൽ

514/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 102

# 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ബിൽ

2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2006 ആഗസ്റ്റ് 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ആക്റ്റിലെ (2005-ലെ 46), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡി എ) 'പട്ടിക' എന്നാൽ ഈ ആക്റ്റിനോടൊപ്പം ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു ;

(ഡി ബി) 'ചെറുകിട കൈവശക്കാരൻ' എന്നാൽ 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ആക്റ്റ് നിലവിൽ വന്ന തീയതിയിൽ അര ഹെക്ടർ വിസ്തൃതിയിൽ കവിയാതെയുള്ള വനേതര പ്രദേശത്തിന്റെ ഉടമസ്ഥൻ എന്നർത്ഥമാകുന്നു;";

514/2007.

(ബി) (ഇ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) 'വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം' എന്നാൽ ചന്ദന മരം (സാൻറാലം ആൽബം), തേക്ക് (ടെക്റ്റോണ ഗ്രാൻഡിസ്), റോസ് വുഡ് (ഡാൽബേർജിയ ലാറ്റി ഫോളിയ), ഇരുൾ (സൈലിയ സൈലോകാർപ), തേമ്പാവ് (ടെർമിനാലിയ ടൊമൻേറാസ), കമ്പകം (ഹോപ്പിയ പാർവിഫ്ളോറ), ചെമ്പകം (മൈക്കീലിയ ചെമ്പക), ചടച്ചി (ഗ്രീവിയ ടീലിയ ഫോളിയ), ചന്ദനവേമ്പ് (സെട്രില ടൂണ), ചീനി (ടെട്രാമിലസ് നൂഡിഫ്ളോറ), വെള്ളകിൽ (ഡൈസോസൈലം മലബാറിക്കം) അല്ലെങ്കിൽ എബണി (ഡയോസ്പൈറസ് സ്പീഷിസ്) എന്ന് അർത്ഥമാകുന്നു."

3. 6-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"6. വനേതര ഭൂമിയിൽ വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശങ്ങളിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഉടമസ്ഥർക്കുള്ള അവകാശം.—(1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശത്തിലെ വനേതര ഭൂമിയുടെ ഓരോ ഉടമസ്ഥനും അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള ഏതൊരു വൃക്ഷവും മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള വ്യവസ്ഥ, അങ്ങനെയുള്ള ഭൂമി നൽകുന്ന സമയത്ത് സർക്കാർ റിസർവ്വ് ചെയ്തിട്ടുള്ള വൃക്ഷങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോ 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കോ, 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിൻ (2005-ലെ 21) കീഴിൽ സൂക്ഷിപ്പുകാരൻ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കോ ബാധകമാകുന്നതല്ല.

(2) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അവർക്ക് ഉചിതമെന്ന് തോന്നുന്ന ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ പദവിയിൽ കുറയാത്ത അത്തരത്തിലുള്ള ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയമിക്കാവുന്നതും (ഈ ആക്റ്റിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന് പരാമർശിക്കപ്പെടും) സർക്കാരിന് ഉചിതമെന്ന് തോന്നുന്ന തദ്ദേശ പരിധി അവർക്ക് ഏല്പിച്ചുകൊടുക്കാവുന്നതുമാണ്.

(3) പൊതുതാല്പര്യാർത്ഥമോ, പരിസ്ഥിതി സംരക്ഷണ താല്പര്യാർത്ഥമോ വൃക്ഷ വളർച്ച സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, വൃക്ഷം ജീവനോ സ്വത്തിനോ അപകട കാരണമാവുകയോ കാറ്റിൽ വീഴുകയോ ചെയ്തു എന്ന കാരണത്താലൊഴികെ, വിജ്ഞാപനത്തിൽ

വിനിർദ്ദേശിക്കപ്പെട്ട വനേതര ഭൂമിയിലെ ഏത് പ്രദേശത്ത് നിൽക്കുന്ന യാതൊരു വൃക്ഷവും മുറിക്കുവാനോ പിഴുതു കളയുവാനോ കത്തിക്കുവാനോ മറ്റു വിധത്തിൽ നശിപ്പിക്കുവാനോ പാടുള്ളതല്ല എന്ന് നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തിലെ ചെറുകിട കൈവശക്കാർക്ക് വിനിർദ്ദേശിക്കപ്പെട്ട വൃക്ഷങ്ങളൊഴികെയുള്ള ഏത് വൃക്ഷവും മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തെ ചെറുകിട കൈവശക്കാർക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയോടുകൂടി ചന്ദനമരം അല്ലാതെയുള്ള ഏതൊരു വിനിർദ്ദേശിക്കപ്പെട്ട വൃക്ഷവും മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ് :

എന്നിരുന്നാലും, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന പ്രദേശത്തെ ചെറുകിട കൈവശക്കാരല്ലാത്ത ഉടമസ്ഥർക്ക് ചന്ദനമരങ്ങൾ ഒഴികെയുള്ള ഏതൊരു വൃക്ഷവും അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള മുൻ അനുമതിയോടുകൂടി മുറിക്കുകയും നീക്കം ചെയ്യുകയും ചെയ്യാവുന്നതും പട്ടികയിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും അങ്ങനെയുള്ള അനുമതി ആവശ്യമില്ലാത്തതും ആകുന്നു :

എങ്കിൽത്തന്നെയും, വൃക്ഷം ജീവനോ സ്വത്തിനോ ഭീഷണിയാകുകയോ അല്ലെങ്കിൽ കാറ്റിൽ വീണതോ ആണെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രണ്ടും മൂന്നും ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്ന അങ്ങനെയുള്ള അനുമതി നിഷേധിക്കുവാൻ പാടുള്ളതല്ല.

കുറിപ്പ്.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി എല്ലാ കണ്ടൽക്കാട് പ്രദേശങ്ങളും അല്ലെങ്കിൽ ഏലമോ കാപ്പിയോ തോട്ടങ്ങളും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി കരുതപ്പെടേണ്ടതാണ്.

(4) ചെറുകിട കൈവശക്കാരൻ ഉൾപ്പെടെയുള്ള യാതൊരു ഉടമസ്ഥനും ഏതെങ്കിലും വനേതര പ്രദേശത്തിലെ ഏതൊരു ചന്ദനമരവും മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല. അപ്രകാരമുള്ള മുറിക്കലും നീക്കം ചെയ്യലും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വനം വകുപ്പിന് മാത്രം ചെയ്യാവുന്നതാണ്.

(5) ഒരു വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം മുറിക്കേണ്ടിടത്തും അല്ലെങ്കിൽ വിനിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ തടി ഏതെങ്കിലും വനേതര ഭൂമിയിൽ നിന്നും മറ്റേതെങ്കിലും സ്ഥലത്തേക്ക് കൊണ്ടുപോകേണ്ടിടത്തും, അങ്ങനെയുള്ള വൃക്ഷത്തിന്റെ ഉടമസ്ഥൻ, വൃക്ഷം മുറിക്കുന്നതിനുമുമ്പായോ, തടി കൊണ്ടുപോകുന്നതിനുമുമ്പായോ, അതത് സംഗതി പോലെ, ആ പ്രദേശത്ത് അധികാരികത ഉള്ള ഒരു അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻപാകെ ഏതു ഭൂമിയിൽ നിന്നാണോ മരം മുറിക്കേണ്ടത് ആ ഭൂമിയുടെ സർവ്വേ നമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏതു സ്ഥലത്തേക്കാണ് തടികൊണ്ടുപോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു പ്രതിജ്ഞാപത്രം നേരിട്ട് കൊടുക്കുകയോ കൈപ്പറ്റ് രസീതോടുകൂടിയ രജിസ്റ്റേർഡ് തപാൽ മുഖേന അയയ്ക്കുകയോ ചെയ്യേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പിൻകീഴിൽ ഫയൽ ചെയ്തിട്ടുള്ള ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ, വിജ്ഞാപനം ചെയ്യാത്ത പ്രദേശത്തുനിന്നും വൃക്ഷങ്ങൾ മുറിക്കേണ്ടതും നീക്കം ചെയ്യേണ്ടതുമാണെങ്കിൽ, പ്രതിജ്ഞാപത്രം ലഭിച്ച് ഇരുപതു ദിവസങ്ങൾക്കുള്ളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, ഒരു വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം, (3)-ാം ഉപവകുപ്പ് പ്രകാരം മുറിക്കുകയും അതിന്റെ തടി വിജ്ഞാപനം ചെയ്ത പ്രദേശത്തിനുള്ളിലെ വനേതര ഭൂമിയിൽ നിന്നും കൊണ്ടുപോവുകയും ചെയ്യേണ്ടതാണെങ്കിൽ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആവശ്യമായ പരിശോധന നടത്തേണ്ടതും, അനുവദിക്കാമെന്നു കാണുന്നുവെങ്കിൽ, ആ ഉദ്യോഗസ്ഥന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ഒരു ട്രാൻസ്പ്പോർട്ട് പെർമിറ്റ് നല്കാവുന്നതും, അത് തടികൊണ്ടുപോകുന്ന വേളയിൽ സൂക്ഷിക്കേണ്ടതുമാണ്.

(7) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതും അല്ലെങ്കിൽ അതിൽ നിക്ഷിപ്തമായിട്ടുള്ളതും ആയ വനേതര പ്രദേശങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും അതിന്റെ കൈയൊഴിക്കലും നിർണ്ണയിക്കപ്പെടാവുന്ന അത്തരത്തിലുള്ള ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്.

(8) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെയുള്ള ഒരു അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡന്റെയോ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

വിശദീകരണം:—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, 'തടി' എന്ന പദം എവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നുവോ അതിൽ വിറകുംകൂടി ഉൾപ്പെടുന്നതാണ്.

4. 7-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"7. ശിക്ഷകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ചന്ദന മരം അല്ലാതെയുള്ള ഏതെങ്കിലും വൃക്ഷം മുറിക്കുകയോ, പിഴുതെടുക്കുകയോ, കത്തിക്കുകയോ അല്ലെങ്കിൽ മറ്റുവിധത്തിൽ നശിപ്പിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും തടി കൊണ്ടുപോകുകയോ അല്ലെങ്കിൽ ഒരു വ്യാജമായ പ്രതിജ്ഞാപത്രം ഫയൽ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ ആറുമാസക്കാലംവരെ ആകാവുന്ന തടവോ ഇരുപത്തയ്യായിരം രൂപവരെയാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ചന്ദന മരം മുറിക്കുകയോ, പിഴുതെടുക്കുകയോ, കത്തിക്കുകയോ അല്ലെങ്കിൽ മറ്റ് വിധത്തിൽ നശിപ്പിക്കുകയോ; കടത്തുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ,

ആറുമാസത്തിൽ കുറയാത്തതും എന്നാൽ മൂന്ന് വർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവും അമ്പതിനായിരം രൂപയിൽ കുറയാത്തതും ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്ടിൻ കീഴിലുള്ള എല്ലാ കുറ്റകൃത്യങ്ങളും കോഗ്നൈസിബിൾ ആയിരിക്കുന്നതാണ്.''

5. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (1)-ാം ഉപ വകുപ്പിൽ, ''ഏതെങ്കിലും തടി കൊണ്ടുപോയെന്ന്'' എന്ന വാക്കുകൾക്ക് പകരം ''ഏതെങ്കിലും വൃക്ഷം മുറിക്കുകയും അല്ലെങ്കിൽ ഏതെങ്കിലും തടി കൊണ്ടുപോകുകയും ചെയ്തെന്ന്'' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. പട്ടിക ചേർക്കൽ.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിനുശേഷം, താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

''പട്ടിക

[6 (3) വകുപ്പ് കാണുക]

മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും അനുമതി ആവശ്യമില്ലാത്ത വൃക്ഷങ്ങൾ

1. തെങ്ങ്
2. റബ്ബർ
3. കശുമാവ്
4. വാളൻപുളിമരം
5. മാവ്
6. പ്ലാവ്
7. കുടംപുളി
8. മട്ടി
9. കവുങ്ങ്
10. കൊന്ന
11. ശീമകൊന്ന
12. നെല്ലി
13. വേപ്പ്
14. മുരുക്ക്
15. ജാതി
16. അൽബീസ്യ
17. പഞ്ഞിമരം
18. അക്കേഷ്യ ഔറാകുലിഫോമിസ്
19. മാഞ്ചിയം
20. ആഞ്ഞിലി''

7. 17-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ടിന്റെ 17-ാം വകുപ്പ് വിട്ടു കളയേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ഓർഡിനൻസ് (2007-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ ആയി കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1988-ലെ ദേശീയ വന നയവുമായി സമഞ്ജസപ്പെടുത്തിക്കൊണ്ട് ഹരിതാഭ വർദ്ധിപ്പിക്കുന്നതിനും, ജൈവ വൈവിധ്യം നിലനിർത്തുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും കൂടാതെ വ്യവസായത്തിനായി തടിയുടെയും മുളയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വച്ചുപടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 2005-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ് നിർമ്മിക്കുകയുണ്ടായി. സ്വകാര്യ ഭൂമിയിലെ വൃക്ഷങ്ങളെ സംബന്ധിച്ച് മുറിക്കുന്നതിനും, നീക്കം ചെയ്യുന്നതിനുമുള്ള നിയന്ത്രണങ്ങൾ ഉദാരമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിലെ പരിസ്ഥിതി ശാസ്ത്രപരമായി സംവേദിയായ ചില പ്രദേശങ്ങളിൽ ഈ നിയമത്തിലെ ഉദാരവ്യവസ്ഥകളുടെ മറവിൽ വിവേചന രഹിതമായ മരംമുറിക്കൽ നടക്കുന്നുണ്ട്. പരിസ്ഥിതി ശാസ്ത്രപരമായി സംവേദിയായ ധാരാളം പ്രദേശങ്ങൾ സംസ്ഥാനത്ത് സ്വകാര്യ ഉടമസ്ഥതയിൽ ഉണ്ട്, അവിടുത്തെ അമിത ചൂഷണവും, അനാരോഗ്യകരമായ കാര്യകർതൃത്വനടപടികളും അത്തരം പ്രദേശങ്ങളിലെ പരിസ്ഥിതിയെ മാറ്റിയെടുക്കാനാവാത്ത വിധത്തിലുള്ള അധഃപതനത്തിലേക്ക് നയിക്കപ്പെടാവുന്നതാണ്. ഒരു മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് പൊതുതാൽപര്യാർത്ഥമോ, അല്ലെങ്കിൽ ആ പ്രദേശങ്ങളുടെ പരിസ്ഥിതി സംരക്ഷണാർത്ഥമോ, ചില പ്രദേശങ്ങളിലെ മരം മുറിക്കൽ നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തുള്ള ചെറുകിട കൈവശക്കാർക്ക് വൃക്ഷം മുറിക്കാവുന്നതിനുള്ള നിയന്ത്രണം വിനിർദ്ദേശിക്കപ്പെട്ട പന്ത്രണ്ടിനം വൃക്ഷങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തിന് പുറത്ത് വൃക്ഷം വച്ച് പിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ പ്രദേശങ്ങളിലെ മരം മുറിക്കലിനുള്ള നിയന്ത്രണം ചന്ദന മരത്തിനുമാത്രമായി പരിമിതപ്പെടുത്തി ഉടമസ്ഥർക്ക് അനുമതിയില്ലാതെ മറ്റെല്ലായിനം വൃക്ഷങ്ങളും സ്വതന്ത്രമായി മുറിക്കാവുന്നതുമാണ്. സംസ്ഥാനത്തെ വന സമ്പത്ത് സംരക്ഷിക്കുന്നതിന് ചിലയിനം തടികളുടെ നീക്കം ചെയ്യൽ നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 2005-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2006-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ഓർഡിനൻസ്, (2006-ലെ 43) 2006 ആഗസ്റ്റ് 5-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ആഗസ്റ്റ് 7-ാം തീയതിയിലെ 1291-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2006 -ലെ 43-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2006-ലെ 43-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 സെപ്റ്റംബർ 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാത്തതിനാൽ 2006 ഒക്ടോബർ 30-ാം തീയതി 2006-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ഓർഡിനൻസ്, (2006-ലെ 54) ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ഒക്ടോബർ 30-ാം തീയതിയിലെ 1718 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2006-ലെ 54-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാത്തതിനാൽ 2007 ഫെബ്രുവരി 4-ാം തീയതി 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ഓർഡിനൻസ്, (2007-ലെ 22) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007 ഫെബ്രുവരി 5-ാം തീയതിയിലെ 222-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2007-ലെ 22-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനായി 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാത്തതിനാൽ 2007 മാർച്ച് 30-ാം തീയതി 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ഓർഡിനൻസ് (2007-ലെ 31) കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007 ഏപ്രിൽ മാസം 2-ാം തീയതിയിലെ 636-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്യുകയാണെങ്കിൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവുകളും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡംകൊണ്ട് പകരം ചേർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 6-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് ഫോറസ്റ്റ് റെയിഞ്ച് ആഫീസറുടെ പദവിയിൽ താഴെ അല്ലാത്ത ഉദ്യോഗസ്ഥന്മാരെ 'അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി' വിജ്ഞാപനം മുഖേന നിയമിക്കുവാനും സർക്കാരിന് യുക്തമെന്ന് തോന്നുന്ന തദ്ദേശീയ പരിധി അവർക്ക് ഏൽപ്പിച്ച് കൊടുക്കുവാനും സർക്കാരിനെ അധികാര പെടുത്തുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡം കൊണ്ട് പകരം ചേർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 6-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് ആക്റ്റിൻ കീഴിൽ അനുവദിച്ചിട്ടുള്ളതല്ലാതെ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വനേതര പ്രദേശങ്ങളിൽ നിൽക്കുന്ന യാതൊരു വൃക്ഷവും മുറിക്കുകയോ പിഴുത് മാറ്റുകയോ കത്തിക്കുയോ മറ്റ് തരത്തിൽ നശിപ്പിക്കുകയോ ചെയ്യരുതെന്ന് വിജ്ഞാപനം മുഖേന നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 3-ാം ഖണ്ഡംകൊണ്ട് പകരം ചേർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 6-ാം വകുപ്പിലെ (4)-ാം ഉപവകുപ്പ് സ്വകാര്യ വസ്തുവിൽ നിൽക്കുന്ന ചന്ദനമരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഉള്ള രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 3-ാം ഖണ്ഡംകൊണ്ട് പകരം ചേർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 6-ാം വകുപ്പിലെ (7)-ാം ഉപവകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ളതും അല്ലെങ്കിൽ നിക്ഷിപ്തവുമായ വനേതരപ്രദേശങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ ചട്ടങ്ങളാൽ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്തുന്നു.

5. ബില്ലിലെ 3-ാം ഖണ്ഡംകൊണ്ട് പകരം ചേർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 6-ാം വകുപ്പിലെ (8)-ാം ഉപ വകുപ്പ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അനുവാദം നിരസിക്കുന്നതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയവും രീതിയും വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. വിജ്ഞാപനങ്ങളോ അല്ലെങ്കിൽ പുറപ്പെടുവിക്കേണ്ടതായ ഉത്തരവുകളോ അല്ലെങ്കിൽ ചട്ടങ്ങളോ സംബന്ധിച്ച കാര്യങ്ങൾ സാധാരണ നടപടിക്രമങ്ങളും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ നിയമസഭയുടെ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ബിനോയ് വിശ്വം

## 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗം

(2005-ലെ 46)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഇ) "വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം" എന്നാൽ തേക്ക് (ടെക്റ്റോനഗ്രാൻഡിസ്), റോസ് വുഡ് (ഡാൽബേർജിയ ലാറ്റിഫോളിയ), ഇരുൾ (സയിലിയ സൈലോകാർപ്പ), തേമ്പാവ് (ടെർമിനാലിയ ടോമറ്റോസ), കമ്പകം (ഫോർപ്പിയ പാർവി ഫ്ളോറ), വെള്ള അകിൽ (ഡൈസോക്സിലം മലബാറിക്കം) അല്ലെങ്കിൽ ഇബണി (ബയോസ്പൈറസ്) എന്നർത്ഥമാകുന്നു ;

** ** ** **

6. ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വനേതര ഭൂമിയുടെ ഓരോ ഉടമസ്ഥനും അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള ഏതൊരു മരവും മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ വകുപ്പിൻകീഴിലുള്ള വ്യവസ്ഥ, അങ്ങനെയുള്ള ഭൂമി നൽകുന്ന സമയത്ത് സർക്കാർ റിസർവ്വ് ചെയ്തിട്ടുള്ള വൃക്ഷങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോ 1986-ലെ കേരള വനസംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കോ ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, ഭൂമിയിൽ നിന്നും മറ്റേതെങ്കിലും സ്ഥലത്തേക്ക് വിനിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ ഏതെങ്കിലും തടി കൊണ്ടുപോകുന്നിടത്ത് അങ്ങനെയുള്ള വൃക്ഷത്തിന്റെ ഉടമസ്ഥൻ തടി കൊണ്ടുപോകുന്നതിനുമുമ്പായി ആ പ്രദേശത്തെ അധികാരിതയുള്ള 'ഫോറസ്റ്റ് റെയിഞ്ച്' ഓഫീസറുടെ മുൻപാകെ ഏതു ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവ്വേ നമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏത് സ്ഥലത്തേക്കാണ് തടി കൊണ്ടുപോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു പ്രതിജ്ഞാപത്രം നേരിട്ട് കൊടുക്കുകയോ കൈപ്പറ്റ് രസീതോടുകൂടിയ രജിസ്റ്റേർഡ് തപാൽ മുഖേന അയയ്ക്കുകയോ ചെയ്യേണ്ടതാണ്.

514/2007.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഫയൽ ചെയ്തിട്ടുള്ള ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ് :

എന്നാൽ, റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനുള്ളിലുള്ള വനേതരഭൂമിയിൽ നിന്നുമാണ് വിനിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ തടി കൊണ്ടുപോകുന്നതെങ്കിൽ, പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ആവശ്യമായ പരിശോധന ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നടത്തേണ്ടതാണ് :

എന്നുമാത്രമല്ല, പ്രതിജ്ഞാപത്രം ലഭിച്ച് ഇരുപതു ദിവസങ്ങൾക്കുള്ളിൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതപ്പെടേണ്ടതാണ്.

(3) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ അതിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ വനേതര പ്രദേശങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും അതിന്റെ കൈയൊഴിക്കലും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്.

7. ശിക്ഷകൾ.—(1) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും തടി കൊണ്ടുപോകുകയോ അല്ലെങ്കിൽ ഒരു കളവായ പ്രതിജ്ഞാപത്രം ഫയൽ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസക്കാലംവരെ ആകാവുന്ന തടവോ രണ്ടായിരം രൂപവരെ ആകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളും കൊഗ്നൈസബിൾ ആയിരിക്കുന്നതാണ്.

** ** ** **

9. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തടിയും മറ്റ് വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരം.—(1) വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിക്ക് താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് 6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും തടി കൊണ്ടുപോയെന്ന് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അദ്ദേഹത്തിന്, ആ തടി അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ച എല്ലാ പണിയായുധങ്ങളും കയറുകളും ചങ്ങലുകളും മറ്റു വസ്തുക്കളും അങ്ങനെയുള്ള തടി വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിച്ച എല്ലാ വാഹനങ്ങളോ ബോട്ടുകളോ മൃഗങ്ങളോ സഹിതം പിടിച്ചെടുക്കാവുന്നതാണ്.

വിശദീകരണം : ഈ വകുപ്പിലും 10-ാം വകുപ്പിലും 11-ാം വകുപ്പിലുമുള്ള 'വാഹനം', 'ബോട്ട്' എന്നീ പദങ്ങളിൽ, അതതു സംഗതിപോലെ, വാഹനത്തിലോ, ബോട്ടിലോ സൂക്ഷിച്ചിട്ടുള്ള, അതിൽ ഉറപ്പിച്ചിരുന്നാലും ഇല്ലെങ്കിലും എല്ലാ വസ്തുക്കളും യന്ത്രങ്ങളും ഉൾപ്പെടുന്നതാണ്.

** ** ** **

16. വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, അപ്രകാരമുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് വഴി ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ അങ്ങനെയുള്ള ഓരോ ഉത്തരവും അതുണ്ടാക്കിയ ശേഷം കഴിയാവുന്നത്ര വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

17. റദ്ദാക്കലും ഒഴിവാക്കലും.—(1) 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 4-ാം വകുപ്പ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 4-ാം വകുപ്പ് റദ്ദാക്കിയിരുന്നാൽ തന്നെയും 1125-ലെ ഇന്റർപ്രറ്റേഷൻ ആന്റ് ജനറൽ ക്ളോസസ് ആക്റ്റിലെ (1125-ലെ 7) 4 മുതൽ 23 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ പ്രസ്തുത വകുപ്പിന്റെ റദ്ദാക്കലിൻമേൽ ബാധകമാകുന്നതാണ്.